**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **29.06.2016 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 340**

**വ്യവസായ വികസനത്തിനുള്ള പദ്ധതികൾ**

ചോദ്യം | **മറുപടി**
ശ്രീ. സി ദിവാകരൻ | **ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും വകുപ്പ് മന്ത്രി).**

(എ) 2011-2016 കാലഘട്ടത്തിൽ സംസ്ഥാനത്ത് വ്യവസായ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച വിശദമാക്കാമോ ;

(എ) : 2011-16 -ൽ വ്യവസായ വികസനത്തിന് ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു.

**കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കിയവ :**

1. എമർജിങ് കേരള, 2. പാലക്കാട് ജില്ലയിൽ വ്യവസായ നിക്ഷേപക സംഗമം 3.ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് എന്നിവയുടെ രൂപീകരണം 4. വി മിഷൻ കേരള (വനിതകൾക്ക് മാത്രം) 5. വനിത സംരംഭകത്വ സമ്മേളനം 6. യുവ സംരംഭക സംഗമം, യെസ് ക്യാൻ-2015.

**ഖാദി ഗ്രാമീണ വ്യവസായ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ :**

പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് പാവ് യൂണിറ്റ്, ഇൻസെന്റീവ് ഗ്രാന്റ്, പുനരുദ്ധാരണ ഗ്രാന്റ് എന്നിവ അനുവദിക്കൽ, പരുത്തി സംസ്കരണ കേന്ദ്രം നവീകരിക്കൽ, ചർക്കകളുടെയും തറികളുടെയും ആധുനികവത്കരണം. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി, എന്റെ ഗ്രാമം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു (വിശദ വിവരം അനുബന്ധമായി ചേർക്കുന്നു).

**കിൻഫ്ര മുഖേന നടപ്പിലാക്കുന്നവ.**

ഗ്ലോബൽ വില്ലേജ്, മെഗാ ഫുഡ് പാർക്ക്,

| | | |
|---|---|---|
| | | ഡിഫൻസ് പാർക്ക്. ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്റർ, അന്താരാഷ്ട്ര ട്രേഡും കൺവെൻഷൻ സെന്ററും, ഫുഡ് വെയർ ക്ലസ്റ്റർ, സ്പൈസസ് പാർക്ക്, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വ്യവസായ വികസന മേഖല മട്ടന്നൂർ വ്യവസായ പാർക്ക് എന്നിവ.<br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറിയും ടെക്സ്റ്റയിൽസും ഡയറക്ടറേറ്റ് എന്നിവ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) നെടുമങ്ങാട് മണ്ഡലത്തിലെ കെൽട്രോൺ വികസിപ്പിക്കാൻ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ ; വിശദമാക്കാമോ ? | (ബി) : | സൗരോർജ്ജ മേഖലയിൽ കേരളത്തിലുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ പ്രാപ്തമാകുന്ന രീതിയിലുള്ള പദ്ധതികൾ കെൽട്രോൺ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സോളാർ പദ്ധതികൾക്ക് ആവശ്യമായ ഗ്രിഡ് ടൈ സോളാർ ഇൻവർട്ടറുകൾ, ബൈ ഡയറക്ഷണൽ എനർജി മീറ്ററുകൾ എന്നിവയുടെ നിർമ്മാണം, സോളാർ പാനലുകളുടെ ഗുണ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ വികസിപ്പിക്കാനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്